# P M N M U P S , EAST KALLADA

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | പി. എം. എൻ . എം . യു പി. എസ്സ്. കിഴക്കേകല്ലട. |
| ഉപജില്ല | - | കുണ്ടറ |
| വിദ്യാഭ്യാസ ജില്ല | - | കൊല്ലം |
| ജില്ല | - | കൊല്ലം |
| വർഷം | - | 2023/24 |
| വില്ലേജ്/വാർഡ് | - | കിഴക്കേകല്ലട, നിലമേൽ |
| പഞ്ചായത്ത് | - | കിഴക്കേകല്ലട |
| ബ്ളോക്ക് | - | ചിറ്റുമല |
| പ്രധാനഅധ്യാപികയുടെപേര് | - | പ്രീത.വി |
| ഡയസ്കോഡ് | - | 321309000102 |

# ആമുഖം

കിഴക്കേകല്ലട, പഞ്ചായത്തിൽ നിലമേൽ വാർഡിൽ സ്ഥിതിചെയ്യുന്ന ഈ സ്കൂൾ 1923-ൽ ശ്രീമാൻ ആറ്റുപുറത്ത് ഗോപാലപിള്ളയാണ് സ്ഥാപിച്ചത്. 25/05/1923-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 1923 ജൂൺ മാസം ശ്രീ ചിത്തിരവിലാസം അപ്പർ പ്രൈമറി സ്കൂൾ എന്ന നാമധേയത്തിൽ പ്രവർത്തനം ആരംഭിച്ചു. സമീപ പ്രദേശത്തൊന്നും സ്കൂളുകൾ ഇല്ലാതിരുന്നതിനാൽ ഈ സ്കൂൾ നാട്ടുകാർക്ക് ഒരു അനുഗ്രഹമായിരുന്നു. പ്രവർത്തനം ആരംഭിക്കുമ്പോൾ 5 വിദ്യാർത്ഥികൾ മാത്രമായിരുന്നു ഉണ്ടായിരുന്നത് . 1977-ൽ ശ്രീമാൻ മഠത്തിൽ ഉണ്ണിക്കൃഷ്ണ പിള്ളയ്ക്ക് സ്കൂൾ കൈമാറ്റം ചെയ്യപ്പെട്ടു. 1978-ൽ പുതുമന മാധവൻ നായർ മെമ്മോറിയൽ യു പി സ്കൂൾ എന്ന് പുനർ നാമകരണം ചെയ്യപ്പെട്ടു.

# സാമൂഹിക പങ്കാളിത്തം

ശക്തമായ ഒരു പി ടി എ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട് . പൂർവ്വ വിദ്യാർത്ഥികൾ , നാട്ടുകാർ , റിട്ടയേർഡ് അധ്യാപകർ തുടങ്ങിയവരുടെ സഹായ സഹകരണങ്ങൾ സ്കൂളിനുണ്ട്. സ്കൂളിന്റെ സമഗ്ര വികസനത്തിനു വേണ്ടി 2017 ജനുവരി 27-ന് പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ഈ സ്കൂൾ തുടക്കം കുറിച്ചു.

## നിലവിലുള്ള അവസ്ഥ

| | | |
|---|---|---|
| കുട്ടികളുടെ | – | 141 |
| അധ്യാപകരുട എണ്ണം | – | 9 |
| യു പി എസ്സ് റ്റി | – | 6 |
| സംസ്കൃതം ടീച്ചർ | – | 1 |
| ഉറുദു ടീച്ചർ | – | 1 |
| ഹിന്ദി | – | 1 |

## അക്കാദമികം

ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കാൻ എല്ലാ ക്ളാസ്സുകളിലും പത്രവായന നടത്തിവരുന്നു. വിവിധതരം കളികളിലൂടെ ആഹ്ളാദവും ആസ്വാദ്യതയും മുൻ നിർത്തി ഭാഷാ വിഷയങ്ങളുടെ ക്ളാസ്സ് നടത്തിവരുന്നു.ഇതിന്റെ ഭാഗമയി പ്രീ ടെസ്റ്റ് നടത്തുകയും കുട്ടികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അക്ഷരം ഉറപ്പിക്കൽ , അക്ഷര കാർഡുകൾ നൽകൽ, ചിത്രം നൽകി കഥ പറയൽ തുടങ്ങിയവ നടത്തുന്നു.

കുട്ടിയെ മികച്ച വായനക്കാരനാക്കാൻ വായനക്കൂട്ടം രൂപീകരിക്കുകയും പുസ്തകങ്ങൾ , മാസികകൾ തുടങ്ങിയവ വായനയ്ക്കായി നൽകുകയും ചെയ്യുന്നു. വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ലൈബ്രറിയും കുട്ടികളുടെ സഹായത്തോടെ രൂപീകരിച്ചിട്ടുണ്ട് . ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പുസ്തക വിതരണം ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ , കഥാരചന , കവിതാ രചന തുടങ്ങിയവ നടത്തിവരുന്നു. കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കാവശ്യമായ യോഗാ പരിശീലനവും നൽകി വരുന്നു. ഭിന്നശ്ശേഷിക്കാരെ പരിഗണിച്ച് പ്രത്യേക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കായികശേഷി വികസനത്തിന് ഈ സ്കൂളിലെ സ്ഥലപരിമിതിതടസ്സമാകുന്നു എന്നാൽ ഇതേ മനേജുമെന്റിന്റെ കീഴിലുള്ള ഹൈസ്കൂളിൽകൊണ്ടുപോയി കുട്ടികൾക്കാവശ്യമായ പരിശീലനം നൽകിവരുന്നു.

## മറ്റ് പ്രവർത്തനങ്ങൾ

ജെ ആർ സി , സ്കൗട്ട് തുടങ്ങിയവയുടെ യൂണിറ്റുകൾ ഈ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു.ഈ യൂണിറ്റുകളുടെ നേതൃത്വത്തിൽ പലതരം പ്രവർത്തനങ്ങളും നടത്തിവരുന്നു.

പ്രവർത്തി പരിചയ മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് കൃത്യമായ പരിശീലനം നൽകിവരുന്നുണ്ട്.മേളകളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നു. കൂടാതെ ഗണിതമേള , ശാസ്ത്രമേള ,സോഷ്യൽ സയൻസ് മേള , പ്രവൃത്തിപരിചയമേള , തുടങ്ങിയവയിലും മികച്ച വിജയം നേടാൻ സ്കൂളിനായി

റിപ്പബ്ളിക് ദിനം , സ്വാതന്ത്ര്യ ദിനം , ഓണം, ക്രിസ്തുമസ് തുടങ്ങിയ എല്ലാ ദിനാചരണങ്ങളും ആഘോഷിച്ചുവരുന്നു. ഇതുകൂടാതെ മെഡിക്കൽ ക്യാമ്പ് , വിറ്റാമിൻ ഗുളിക വിതരണം തുടങ്ങിയവയും കുട്ടികൾക്കായി നടത്തിവരുന്നു. സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്ക് സഹായം ചെയ്യുന്നുണ്ട്.

കുട്ടികൾക്ക് അച്ചടക്കം രൂപീകരിക്കുനന്തിന് രാവിലെ 8.30 മുതൽ 4.30 വരെ അധ്യാപകരുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകാറുണ്ട്.രാവിലെ അധ്യയനത്തിന് മുമ്പുള്ള സമയം കുട്ടികളെ അസംബ്ളിക്ക് തയ്യാറാക്കുകയും പത്രം വായനയ്ക്കും തയ്യാറാക്കുന്നു. എല്ലാ ദിവസവും വിവിധ ഭാഷകളിലുള്ള അസംബ്ളിയാണ് സംഘടിപ്പിക്കുന്നത്. അസംബ്ളിയിൽ ക്വിസ്സ് , വാർത്താ വായന, ഇന്നത്തെ ചിന്താ വിഷയം, ദിനാചരണം എന്നിവ നടത്തുന്നു. കുട്ടികളുടെ പൊതു വിജ്ഞാനം , വർദ്ധിപ്പിക്കുന്നതിനായി ആഴ്ചയിൽ 20 ചോദ്യങ്ങൾ നൽകുകയും തുടർന്ന് ക്വിസ്സ് മൽസരം നടത്തി നറുക്കെടുപ്പിലൂടെ വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പ്ളാസ്റ്റിക് വിമുക്ത വിദ്യാലയം ഫലപ്രദമായി നടപ്പിലാക്കിവരുന്നു.ലഹരി വിരുദ്ധ സെമിനാറുകൾ , ബോധവൽക്കരണ ക്ളാസ്സുകൾ തുടങ്ങിയവ നടത്തിവരുന്നു. ചിത്ര രചന , പോസ്റ്റർ രചനാ മൽസരങ്ങലും നടത്തുന്നു.

## ഭൗതിക സാഹചര്യം

ഭൗതിക സാഹചര്യം മെച്ചപ്പെട്ടതാണ്. സ്കൂളിന് ചുറ്റു മതിൽ ഉ്ട്. ആധുനിക രീതിയിലുള്ള 7 ടോയ്ലറ്റുകൾ . ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ടോയ്ലറ്റുകൾ ഉണ്ട്. ഓഫീസ് മുറി, സ്റ്റാഫ് മുറി, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി ഇവ ഉണ്ട്. പ്രത്യേകം പാചകപ്പുര ഉണ്ട്. കുടിവെള്ള സൗകര്യത്തിന് കിണർ ഉണ്ട്.ഉച്ചഭക്ഷണം വളരെ മെച്ചപ്പെട്ടരീതിയിലാണ് നടക്കുന്നത്.

ശ്രസ്ത്രജ്ഞൻമാർ , ഗണിത ശാസ്ത്രജ്ഞൻമാർ, ചരിത്ര പുരുഷൻമാർ , കലാരൂപങ്ങൾ , വള്ളം കളി , ഇവയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കൊണ്ട് സ്കൂൾ ഭിത്തി ആകർഷകമാക്കിയിട്ടുണ്ട്.സ്കൂൾ വൈദ്യുതീകരിച്ചിട്ടുണ്ട്.സ്കൂൾ ബസ്സുണ്ട്. സ്കൂൾ കൂടുതൽആകർഷകമാക്കാൻ സ്കൂൾമതിലുകൾചിത്രങ്ങൾകൊണ്ട്അലങ്കരിക്കുകയും ,സ്കൂൾ അങ്കണം ചെടിച്ചട്ടികൾകൊണ്ട് അലങ്കരിക്കുകയും ചെയ്തിട്ടുണ്ട്. റാമ്പ് സൗകര്യം ഉണ്ട്.

# അക്കാദമിക് മാസ്റ്റർപ്ലാൻ

## മലയാളം

| പ്രോഗ്രാം | ആക്റ്റിവിറ്റി | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | * കുട്ടികളുടെ അടിസ്ഥാന ശേഷിപരിശോധന<br>* അക്ഷരം ഉറപ്പിക്കൽ<br>* അടയാളം ഉറപ്പിക്കൽ<br>* വാക്കുകൾ എഴുതിയ കാർഡ്<br>* വാക്കുകൾ എഴുതിക്കൽ<br>* വാക്യങ്ങൾ നിർമ്മിക്കൽ<br>* കഥ പറയൽ<br>* കഥ ബാക്കി എഴുതൽ<br>* ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ളാസ്സ് | 2 മാസം | പുസ്തകങ്ങൾ<br>ഐ.ടി.സി | ബിആർസി<br>ഡയറ്റ്<br>പിറ്റിഎ |
| കുട്ടികളെ മികച്ച വായനക്കാർ ആക്കുക | * വായനക്കൂട്ടം രൂപീകരിക്കൽ<br>* സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>* പത്രവായന<br>* വായനക്കുറിപ്പ്<br>* ആനുകാലികപ്രസിദ്ധീകരണങ്ങളും വായനയും<br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>* സാഹിത്യമേളകൾ | 6 മാസം | സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>കമ്പ്യൂട്ടർ<br>വായനാമൂല | പിറ്റിഎ<br>ബിആർസി |

| | | | | |
|---|---|---|---|---|
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യ ശേഷികൾ കൈവരിക്കൽ | കുട്ടികൾ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു.<br>* ഓരോ മാസത്തേയും സൃഷ്ടികൾ ചേർത്തു വച്ച് മാസികകൾ തയ്യാറാക്കുന്നു. | ഒരു അധ്യയന വർഷം | സ്കൂൾ | പി.റ്റി.എ മലയാളം ക്ളബ്ബ് |
| ഭാഷാപഠനം ലളിതവും ആകർഷവുമാക്കൽ | * കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാലാബ് തയ്യാറാക്കുന്നു.<br>* ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തുകൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു.<br>* സമാന പദങ്ങൾ ഉപയോഗിച്ച് വാക്യരചനകൾ<br>* ദൃശ്യവായന<br>* സൂചന നൽകി കഥ എഴുതൽ<br>* കവിതാലാപനം<br>* നാടൻ കലകളുടെ പ്രദർശനം<br>* കാർട്ടൂൺ<br>* ആൽബം നിർമ്മാണം | ഒരു അധ്യയന വർഷം | സ്കൂൾ ലൈബ്രറി<br><br>ഡിജിറ്റൽ ലൈബ്രറി | മലയാളം ക്ളബ്ബ് |

| | | | | |
|---|---|---|---|---|
| വ്യത്യസ്ത സാഹിത്യതല ങ്ങൾപരിചയ പ്പെടുത്തുന്നതിന്<br><br>ആധുനികസാങ്കേതിക വിദ്യയുടെസാധ്യതകൾ പ്രയോജനപ്പെടുത്തൽ | * വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തി ശില്പ ശാല സംഘടിപ്പിക്കൽ<br>* സാഹിത്യ മേളകൾ<br>* നാടക രചന<br>* തിരക്കഥാരചന<br>* വിവിധ കലാരൂപങ്ങളുടെ വീഡിയോ പ്രദർശനം<br>* പ്രാദേശിക സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ<br>* കൊളാഷ് നിർമ്മാണം | 6 മാസം | സ്കൂൾ ലൈബ്രറി കംമ്പ്യൂട്ടർ സിഡി പത്രം | പി.റ്റി.എ സ്റ്റാഫ് |

# Academic Master Plan - UP English.

| Aim | Activities | Duration | Charge | Amount Details |
|---|---|---|---|---|
| 1. Introducing reading in poetical way with proper Stress and Pronunciation | One man show: Giving an idea to the children and ask them to act the idea. | July | Alisha Mary Jose | |
| | I too can: Giving different reading cards and helps them to read without mistakes. | June. | " | |
| | Learning ladder. Selecting some words from text and writing it on a chart in a mirror image way. Then ask the children to findout the words. | September. | " | |

| | | | |
|---|---|---|---|
| | Reader of the month. Giving the children the chance to read English newspaper and finding out the best reader in a month. | In each month. | Nisha Mary Jose. |
| 2. Helping the children to write without mistakes. Developing the writing skills. | My droplets. Creating a magazine with the help of students. And making small dictionary with difficult words. | At the end of year. | " |
| | Alert Zone: Introducing warning boards ~~and~~ signs and notices in English for the students. | During different special days. | |

| | | | |
|---|---|---|---|
| | ... baby ... : Dividing the class ... in different groups and showing them different words and ask them to write it without mistakes. | February | English teachers. |
| ...ing the ... words ... language. | The Grand Camp. Making an English friendly atmosphere for the students by including the parents who are proficient in English and other known persons of society. At the end of the camp ... is asked to present a story ... asked for role play ... for a documentary or film. | At the end of the year. | English teachers, PTA executives, parents. |

# അക്കദമിക് മാസ്റ്റർ -ഹിന്ദി

| | | | | |
|---|---|---|---|---|
| യു പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ,പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | *അക്ഷരം എഴുത്ത്<br>*ചിഹ്നം ഉറപ്പിക്കൽ<br>*അക്ഷര കാർഡ്<br>*വാക്കുകൾ എഴുതിയ കാർഡ്<br>*ക്ളാസ്സിൽ അക്ഷര നാലാ പ്രദർശനം<br>*വാക്കുകൾ എഴുതിയ കാർഡുകൾ<br>*പദ നിർമ്മാണം<br>*വാക്യ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷരചാർട്ട്<br>പാഠപുസ്തകം | B R C<br>DIET |
| വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുവാനുള്ള അവസരം) | *വീട്ടിൽഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽതയ്യാറാക്കുള്ള അവസരം<br>*ഐസിറ്റിസഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>* സി ഡബ്ല്യൂ എസ്സ് എൻ കുട്ടികളുടെ പങ്കാളിത്തം | സെപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | പിറ്റിഎ ബിആർസി |

| | | | | |
|---|---|---|---|---|
| ...കുട്ടിത്ത പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം (സുരീലിഹിന്ദി) | ...വായനാ അവസരങ്ങൾ<br>*ദിനാചരണങ്ങൾ<br>*സെപ്തംബർ-14<br>*ജനുവരി-10<br>*ക്ളാസ്സ് ലൈബ്രറി<br>*അധിക വായന സാമഗ്രികൾ<br>*ചിത്ര വായന<br>*ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>*ചിത്രം -അടിക്കുറിപ്പ്<br>*ചിത്രം-കഥപറയൽ<br>*ചിത്രം കഥയെഴുതൽ<br>*വായന മൂല<br>*ഹിന്ദി ക്ളബ്ബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ<br><br>മാർച്ച് | പാഠപുസ്തകങ്ങൾ | B R C<br>DIET<br>PTA |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## സോഷ്യൽ സയൻസ്

| പ്രോഗ്രാം | ആക്ടിവിറ്റി | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സാമൂഹ്യചിന്ത, സാമൂഹ്യബോധം സാമൂഹ്യശാസ്ത്ര വിശകലന ശേഷി എന്നിവ ആർജിക്കൽ | *കേരളം , ഇന്ത്യ,ലോക ഭൂപടംപരിചയപ്പെടുത്തൽ<br>*മധ്യകാല ഇന്ത്യ പരിചയപ്പെടുത്തൽ ചിത്ര പ്രദർശനം<br>*ഡോക്യുമെന്ററി പ്രദർശനം<br>*ഡിജിറ്റൽ ആൽബം തയ്യാറാക്കൽ<br>*ഭൂപടനിർമ്മാണം | 3 മാസം | പുസ്തകങ്ങൾ ഐ.സി.ടി, സി.ഡി | ഡയറ്റ് ബിആർസി പി .റ്റി. എ |

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക | *പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കൽ<br>*സാമൂഹ്യശാസ്ത്ര പുസ്തകങ്ങൾ<br>*ഭൂപട നിർമ്മാണം<br>*ഗ്ലോബുകളുടെ ക്രമീകരണം<br>*പുസ്തക ശേഖരണം | 2 മാസം | സ്കൂൾ ലൈബ്രറി<br>സി ഡി<br>ഡിജിറ്റൽ ലൈബ്രറി | സോഷ്യൽ സയൻസ് ക്ലബ്ബ്<br>പിറ്റിഎ |
| ആധുനികസാങ്കേതിക വിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തൽ | അഞ്ച് , ആറ്,ഏഴ് ക്ലാസ്സുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐ.ടി സാധ്യതകൾ കണ്ടെത്തുന്നു. പഠന വിഭവങ്ങൾ തയ്യാറാക്കുന്നു.<br>*ഡിജിറ്റൽ പുസ്തക വായന | 4 മാസം | സി ഡി,പത്രം<br>കമ്പ്യൂട്ടർ | സോഷ്യൽ ക്ലബ്ബ്<br>സ്റ്റാഫ് |
| പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുക ക്ലബ്ബ്പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുക | ഫീൽഡ് ട്രിപ്പ് ,മുൻ കാലങ്ങളിലെ ഗ്രാമീണ സന്ദർശനങ്ങൾ, ചിത്രപ്രദർശനങ്ങൾ | ഒരു അധ്യയന വർഷം | സ്കൂൾ ഡിജിറ്റൽ ലൈബ്രറി | സോഷ്യൽ ക്ലബ്ബ് പിറ്റിഎ |
| പഠനം കൂടുതൽ തനിമയുള്ളതാക്കുക, പൊതു വിജ്ഞാനത്തിന് ഊന്നൽ നൽകുക | ആൽബ പ്രദർശനം ചരിത്ര പഠന അവലോകനം ക്വിസ്സ് മൽസരം , ആൽബം | 6 മാസം | സ്കൂൾ ലൈബ്രറി, പത്രങ്ങൾ കമ്പ്യൂട്ടർ | ബി ആർ സി ഡയറ്റ് |

## അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിതശില്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ( നമ്പർ കാർഡ് , മഞ്ചാടിക്കുരു,മുത്തുകൾ, ഫ്ളാഷ് കാർഡ്) ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും, കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശില്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധരൂപങ്ങൾ നിർമ്മിക്കുന്നു.അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ളാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകൻ ക്ളബ്ബ് അംഗങ്ങൾ | |

| | | | | |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ളബ്ബ് | ഗണിത ക്ളബ്ബ് പി റ്റി എ |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഘണിതത്തിൽ പ്രാവീണമമുള്ള അധ്യാപകരെ ഉൾപ്പെടുത്തി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ളാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ | പി റ്റി എ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ ടി സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ ടി ഗാധ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അുൻ നിരയിലെത്തിക്കുന്നു. | **ഗണിത ക്ളിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.പോരായ്മ | ആഴ്ചയിൽ ഒരു പീരിയിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

| | | | | |
|---|---|---|---|---|
| വിവി[illegible] ശേഷികളുടെ വികസനം | [illegible] പ്രവർത്തനങ്ങൾ നൽകുന്നു. | ആവശ്യാനുസരണം | എസ്സ് ആർ ജി | |
| | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്സ് ആർ ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | | |
| പ്രശ്നങ്ങൾ<br>ഭാഷ വേഗത്തിൽ പഠിക്കാനും സംസാരിക്കാനും ഉപയോഗിക്കാനുമുള്ള കഴിവ് കുറവ് | **മേഖല - സംസ്കൃതം** | | | |
| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
| വായന ശേഷിക്കുറവ് | ഭാഷാശേഷി തിരിച്ചറിയാൻ കുട്ടിയോടൊപ്പം സമയം ചെലവഴിച്ച് ഓരോരുത്തരുടെയും നിലവാരം കണ്ടെത്തുന്നു. ആവശ്യമായ ടൂളുകൾ ഉപയോഗിക്കുന്നു.(വായന, എഴുത്ത്,ചോദ്യാവലി, അഭിമുഖം) അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി വാചക നിർമ്മാണം , ഭാഷാകേളികൾ | 1 വർഷം | | സംസ്കൃതം ക്ലബ്ബ് |
| | ഭാഷാ ലാബ്-കുട്ടികളിൽ വായനാ ശീലം വളർത്തുന്നതിന് വായന കാർഡ് വിതരണം , ക്ലാസ്സ് ലൈബ്രറി, വാട്സ് ആപ് ഗ്രൂപ്പ് , സംസ്കൃതം ഡിജിറ്റൽ ലൈബ്രറി | 1 വർ | | |

| | | | | |
|---|---|---|---|---|
| സംസ്കൃത ഭാഷ ധാരാളം കേൾക്കനും കാണാനും സംസാരിക്കാനും എഴുതാനുമുള്ള അവസരക്കുറവ് | ചിത്രങ്ങൾ ഉപയോഗിച്ച് കഥ രചിക്കാൻ പരിചയപ്പെടുത്തുന്നു.പരിസ്ഥിതിയെ അടുത്തറിഞ്ഞ് കവിത രചിക്കാൻ പരിചയപ്പെടുത്തുന്നു. കേട്ടെഴുത്ത് മൽസരം .ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തിയുള്ള ചലച്ചിത്ര പ്രദർശനം. | 1 വർഷം | | സംസ്കൃതം ക്ളബ്ബ് |
| കുട്ടികളിലെ സർഗ്ഗശേഷി വികസിപ്പിക്കൽ | സംസ്കൃതം അസംബ്ളി, ക്വിസ്സ് മൽസരങ്ങൾ ,പോസ്റ്റർ നിർമ്മാണം , പ്ളക്കാർഡുകൾ തയ്യാറാക്കൽ,സംസ്കൃത ദിനാചരണങ്ങൾ | 1 വർഷം | | സംസ്കൃതം ക്ളബ്ബ് |
| പുസ്തക പരിചയക്കുറവ് | സംസ്കൃതം കുട്ടികൾക്ക് പുസ്തകം കൊടുത്ത് ക്വിസ്സും ആസ്വാദനക്കുറിപ്പും സംഘടിപ്പിക്കുക. പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പാവനാടക രൂപത്തിൽ അവതരിപ്പിക്കുക | 1 വർഷം | | സംസ്കൃതം ക്ളബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ-2025-26

## അടിസ്ഥാന ശാസ്ത്രം

| പ്രോഗ്രാം | ആക്ടിവിറ്റി | സമയം | ഭൗതികം | പിൻതുണ |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം ജനിപ്പിക്കുക | *ശാസ്ത്ര മാഗസിൻ തയ്യാറാക്കുക<br>*ശാസ്ത്ര നാടകങ്ങൾ അവതരിപ്പിക്കുക<br>*ശാസ്ത്ര ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി ശാസ്ത്ര ക്വിസ്സ് മൽസരങ്ങൾ സംഘടിപ്പിക്കുക<br>*ശാസ്ത്ര ക്ളാസ്സുകളിൽ വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്തുക<br>*ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ, അവരുടെ കണ്ടുപിടുത്തങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ചിത്ര പ്രദർശനംസംഘടിപ്പിക്കുക | 4 മാസം | ഇന്റർനെറ്റ്<br>ക്ളാസ്സ്<br>ക്ളാസ്സ്<br>ഇന്റർനെറ്റ്<br>ലൈബ്രറി<br>ന്യൂസ് പേപ്പർ | ഡയറ്റ്<br>ബി ആർ സി<br>പി റ്റി എ |
| ശാസ്ത്ര പഠനം ഫലപ്രദമാക്കുക | 1.ശാസ്ത്ര സെമിനാറുകൾ സംഘടിപ്പിക്കുക<br>2.സജീവപരമായശാസ്ത്ര ക്ളാസ്സ്മുറികൾ<br>3 ശാസ്ത്ര ദിനാചരണ പ്രവർത്തനങ്ങൾ<br>4 മികച്ച ശസ്ത്രലാബ്<br>5 പാഠഭാഗവുമായി ബന്ധപ്പെട്ട സംശയ നിവാരണം<br>6. പ്രീ - ടെസ്റ്റ് | 3 മാസം | ക്ളാസ്സ്<br>പത്രങ്ങൾ<br>ക്ളാസ്സ്<br>ക്ളാസ്സ്<br>ക്ളാസ്സ് | ബി ആർ സി<br>ഡയറ്റ്<br>പി.റ്റി എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26.

## ഉറുദു.

| Programme | Activity | ഭൗതികം | പിന്തുണ |
| --- | --- | --- | --- |
| 5, 6, 7 ക്ലാസ്സുകളിലെ കുട്ടികളിൽ അക്ഷരങ്ങൾ വാക്കുകളിലൂടെ ഉറപ്പിക്കുന്നത്. | അക്ഷര കാർഡുകൾ വാക്ക് മരം നിർമ്മിക്കൽ, വായന കാർഡുകൾ, ~~ഫ~~ വാക്കുകൾ നിർമ്മിക്കൽ. ജൂൺ-മാർച്ച് | അക്ഷരചാർട്ട് പാഠപുസ്തകം | BRC |
| വീട്ടിലും സ്കൂളിലും പരിസരത്തും കാണുകയും കേൾക്കുകയും ചെയ്യുന്ന പദങ്ങൾ ഉറുദുവിൽ എഴുതാൻ പഠിക്കുക. | ക്ലാസിലെ ഉപയോഗിക്കുന്ന വസ്തുക്കൾ പട്ടിക ഉറുദുവിൽ എഴുതുന്നു. മൃഗങ്ങൾ, പക്ഷികൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവ എഴുതി പട്ടിക പ്പെടുത്തുന്നു. | T.B ICT | Tr. BRC Resource Teacher |
| ആശയങ്ങൾ സ്വന്തമായി എഴുതാനും അവ അവതരിപ്പിക്കാനും കഴിവ് നേടുന്നു. | സർഗാത്മക രചനകൾ നടത്താനും അവതരിപ്പിക്കാനും അവസരം നൽകുന്നു. | | |

| | |
|---|---|
| സർഗ്ഗാത്മക രചന-കൾ വികസിപ്പിക്കാനു-ള്ള അവസരങ്ങൾ. | • ഉറുദു അസംബ്ലി.<br>• ദിനാചരണങ്ങൾ;<br>• ക്വിസ് മത്സരങ്ങൾ<br>• നിഘണ്ടു നിർമ്മാണം<br>• പോസ്റ്റർ നിർമ്മാണം<br>• ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ, video,<br>• വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടൽ. |